(എ) 1997-98, 1998-99 എന്നീ സാമ്പത്തിക വർഷം കേരളാ ഇലക്ട്രിസിറ്റി ബോർഡ് ദിനപത്രങ്ങൾക്കും മറ്റ് പ്രസിദ്ധീകരണങ്ങൾക്കും ഓരോ വർഷവും എത്ര രൂപയുടെ പരസ്യം വീതം നൽകിയെന്ന് വെളിപ്പെടുത്തുമോ;

(ബി) മേൽപ്പറഞ്ഞ സാമ്പത്തിക വർഷങ്ങളിൽ പരസ്യം നൽകാനായി ഇലക്ട്രിസിറ്റി ബോർഡിന്റെ ബഡ്ജറ്റിൽ ഓരോ വർഷവും എത്ര രൂപയാണ് നീക്കിവച്ചിരുന്നത്;

(സി) 1999 ഏപ്രിൽ ഒന്നു മുതൽ ഡിസംബർ 31 വരെയുള്ള കാലയളവിൽ കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് എത്ര രൂപയുടെ പരസ്യം വിവിധ പ്രസിദ്ധീകരണങ്ങൾക്കും ദിനപത്രങ്ങൾക്കുമായി നൽകിയെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 1997-99 - 1,31,79.496 രൂപ (ടെണ്ടർ ഒഴികെ)

1998-99 - 1,34,98,363 രൂപ (ടെണ്ടർ ഒഴികെ)

(ബി) 1997-98-ൽ ആകെ 1.87 കോടി രൂപയും 1998-99-ൽ ആകെ 2.84 കോടി രൂപയും നീക്കി വച്ചിരുന്നു.

(സി) 1,36,22,014 രൂപ (ടെണ്ടർ ഒഴികെ)

കൊടുവള്ളി കുടിവെള്ള പദ്ധതിക്ക് വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന് അപേക്ഷ

112 (3513)ശ്രീ. സി. മൊയിൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുവള്ളി നിയോജകമണ്ഡലത്തിലെ ഏതൊക്കെ കുടിവെള്ള പദ്ധതികൾക്ക് വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്;

(ബി) ഈ കണക്ഷൻ ഓരോന്നിനും വേണ്ടി എന്തു തുക ഒ.വൈ.ഇ.സി.യിലും മറ്റുമായി കെ.എസ്.ഇ.ബി.യിലേയ്ക്ക് അടച്ചിട്ടുണ്ട്;

(സി) ഈ പദ്ധതികൾക്ക് എന്നത്തേയ്ക്ക് കണക്ഷൻ നൽകാനാകുമെന്ന് വെളിപ്പെടുത്തുമോ;

(ഡി) കുടിവെള്ള പദ്ധതികൾക്ക് വൈദ്യുതി കണക്ഷൻ നൽകുന്നതിന് പ്രത്യേക പരിഗണന നൽകാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)&(ബി) വിശദവിവരം ചുവടെ ചേർക്കുന്നു

കുടിവെള്ള പദ്ധതിയുടെ പേര്		അടച്ച തുക (രൂപ)
1. മുപ്പത്തെക്കുന്ന് കോളനി	-	38760
2. മാളോറമ്മൻ	-	14470
3. കോട്ടകുന്ന്	-	41360
4. നായാട്ടുകുന്ന് -1	-	46665
5. നായാട്ടുകുന്ന് -2	-	12760

LIBRARY ARCHIVES Kerala Legislative Assembly

6. അയിക്കുന്ന്	-	52360
7. നുത്തിക്കുന്ന്	-	30000
8. വളരാട്ടുക്കുന്ന്	-	155480
9. തെക്കേക്കുന്നത്തുപറമ്പത്ത്	-	65000
10. വളയനം കണ്ടിമിത്തൽ	-	45500
11. എടോളീമിത്തൽ	-	31055
12. എടപ്പുറത്ത് മിത്തൽ	-	62955
13. കുണ്ടുമ്മൽ	-	128130
14. പുല്ലപ്രമല	-	39355
15. പറയരുകുന്ന്	-	14998
16. പീടംപാറ	-	91450
17. മിച്ചിലാടികുടിവെള്ള പദ്ധതി	-	47500
18. പെരിങ്ങലോറ മല	-	7,30.000
19. കപ്രത്ത്കുന്ന്	-	7,81200
20. പുലാറമ്മേൽ	-	36,075
21. പാംപത്ത് കാവ്	-	46.300
22. കുഴിപ്പാറനിലം	-	3,45,950
23. ആച്ചുപൊയൽ	-	27.240
24. കാഞ്ഞിരോട്ടുകുന്ന്	-	41,460
25. അറക്കും പാറമല	-	37,830
26. മഞ്ഞളാം പൊയിൽ	-	83,980
27. മാംപറ്റമല	-	36,980
28. വെട്ടിക്കുന്ന്	-	2,38,450

(സി) ഒ.വൈ.ഇ.സി. അടച്ച കണക്ഷനുകൾ മോട്ടോർഫിറ്റ് ചെയ്ത് പൂർത്തീകരണ റിപ്പോർട്ട് സമർപ്പിക്കുന്ന മുറക്കും, പീപ്പിൾസ് പാർട്ടിസിപ്പേഷൻ പ്രോഗ്രാം സ്കീമിലുള്ളവ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പോസ്റ്റ് നാട്ടിതരുന്ന മുറയ്ക്കും, സാധന സാമഗ്രികളുടെ ലഭ്യതയനുസരിച്ച് മുൻഗണനാക്രമത്തിൽ ചെയ്തു തീർക്കുന്നതാണ്.

(ഡി) പ്രത്യേക പരിഗണന നൽകിവരുന്നുണ്ട്.

ട്രൈബൽ കോളനിയിലെ വൈദ്യുതീകരണ പ്രവർത്തികൾ

113 (3514)ശ്രീ. കെ.സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യാവൂർ പഞ്ചായത്തിലെ ചിത്തപ്പാറ ട്രൈബൽ കോളനിയിലെ വൈദ്യുതീകരണ പ്രവർത്തികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ്;

LIBRARY ARCHIVES Kerala Legislative Assembly